പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1241** **03.12.2018-ൽ മറുപടിക്ക്**

## കരമന-കളിയിക്കാവിള ആറുവരിപാത നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം. വിൻസെന്റ്** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കരമന -കളിയിക്കാവിള പാത വികസനത്തിന്റെ ഭാഗമായുള്ള പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള ആറുവരി പാത നിർമ്മാണം ഏത് ഘട്ടത്തിലാണ്; | (എ) | കരമന-കളിയിക്കാവിള ദേശീയപാതാ വികസനത്തിന്റെ ഭാഗമായുള്ള പ്രാവച്ചമ്പലം മുതൽ കൊടിനട വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള റീടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രോജക്ട് ഡയറക്ടർ, പി.എം.യു, കെ.ആർ.എഫ്.ബി-യുടെ ഓഫീസിലാണ് പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടത്തുന്നത്. ഈ പ്രവൃത്തി റീടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റ് തുകയേക്കാൾ 14.89% അധിക തുകയ്ക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. ആയതിൽ ടെണ്ടർ അപ്രൂവൽ കമ്മിറ്റി അംഗീകരിച്ച തുക ഇതിനേക്കാൾ കുറവായതിനാൽ കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ സമ്മതമല്ല എന്ന് അറിയിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത ടെണ്ടർ അംഗീകാരത്തിനായി സർക്കാരിലേക്ക് സമർപ്പിക്കാനുള്ള നടപടി കെ.ആർ.എഫ്.ബി പ്രോജക്റ്റ് മാനേജ്മെന്റ് വിഭാഗം സ്വീകരിച്ചു വരുന്നു. |
| (ബി) ഇത് സംബന്ധിച്ച ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഏത് കമ്പനിക്കാണ് ടെൻഡർ നൽകിയതെന്നും നിശ്ചയിച്ചതിനേക്കാൾ അധികമായി എത്രകോടി രൂപക്കാണ് ടെൻഡർ നൽകിയതെന്നും അറിയിക്കുമോ? | (ബി) | റീടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. 3 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്തിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആണ്. എസ്റ്റിമേറ്റ് തുകയേക്കാൾ 14.89% അധിക തുകയായ 114,53,28,538/- രൂപയ്ക്കാണ് ക്വാട്ട് ചെയ്തിരിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | നേരത്തെ കരാർ എടുത്ത കമ്പനി എസ്റ്റിമേറ്റ് തുക ഉയർത്തി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എത്ര കോടി രൂപ നൽകണമെന്നാണ് കമ്പനി ആവശ്യപ്പെട്ടത്; അറിയിക്കുമോ; | (സി) | പ്രസ്തുത പ്രവൃത്തിക്ക് നേരത്തെ കരാർ എടുത്ത കമ്പനി എസ്റ്റിമേറ്റ് തുക ഉയർത്തി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഡീസൽ, പെട്രോൾ, ടാർ തുടങ്ങിയവയിൽ ഉണ്ടായ വില വർദ്ധനവ് കാരണം നേരത്തെ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനി ആ തുകയിൽ പ്രവൃത്തി ചെയ്യാൻ സാധ്യമല്ലെന്ന് അറിയിച്ചുകൊണ്ട് കരാർ വയ്ക്കാതെ പിന്മാറുകയായിരുന്നു. |
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് പ്രാവച്ചമ്പലം വരെയുള്ള പണികൾ പൂർത്തിയാക്കിയശേഷം നിർമ്മാണ പ്രവർത്തനങ്ങളിൽ കഴിഞ്ഞ രണ്ടരവർഷമായി ഉണ്ടായിട്ടുള്ള സ്തംഭനാവസ്ഥ മാറ്റി അടിയന്തിരമായി പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ